യാണ് വിദ്യാഭ്യാസമന്ത്രിയെന്ന നിലയിൽ ഞാൻ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്.

6 (*33) പഴക്കംചെന്ന വൈദ്യുത പദ്ധതികളുടെ നവീകരണം

ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. പി. രാജു :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഴക്കംചെന്ന വൈദ്യുത പദ്ധതികൾ നവീകരിക്കേണ്ടതായിട്ടുണ്ടോ; എങ്കിൽ എത്രയെണ്ണം; അവ ഏതെല്ലാം;

(ബി) ഈ പദ്ധതികളുടെ ഇപ്പോഴത്തെ ഉൽപ്പാദനശേഷി എത്രവീതമാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതികളുടെ പുതുക്കൽ, ഉൽപ്പാദനശേഷി ഉയർത്തൽ എന്നിവയ്ക്കുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ നടപടികളിലൂടെ എത്ര വൈദ്യുതി അധികമായുൽപ്പാദിപ്പിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) താഴെ പറയുന്ന 6 വൈദ്യുത പദ്ധതികൾ നവീകരിക്കേണ്ടതായിട്ടുണ്ട്. പള്ളിവാസൽ, പന്നിയാർ, ചെങ്കുളം, നേര്യമംഗലം, ശബരിഗിരി, പെരിങ്ങൽകുത്ത്.

(ബി) പള്ളിവാസൽ - 37.5 മെഗാവാട്ട്
പന്നിയാർ - 30 ,,
ചെങ്കുളം - 48 ,,
നേര്യമംഗലം - 45 ,,
ശബരിഗിരി - 300 ,,
പെരിങ്ങൽകുത്ത് - 32 ,,

(സി) പള്ളിവാസൽ, പന്നിയാർ, ചെങ്കുളം എന്നീ പദ്ധതികളുടെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഈ പദ്ധതികൾക്ക് കനേഡിയൻ ഗവൺമെന്റിന്റെ കീഴിലുള്ള എക്സ്പോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷനിൽനിന്നും വായ്പ ലഭ്യമായിട്ടുണ്ട്. ശബരിഗിരി, നേര്യമംഗലം പദ്ധതികളുടെ നവീകരണത്തിനും സ്ഥാപിതശേഷി ഉയർത്തുന്നതിനുംവേണ്ടി ആഗോള ടെണ്ടർ ക്ഷണിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ശബരിഗിരി പദ്ധതിക്കുവേണ്ടി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിക്കഴിഞ്ഞു. പെരിങ്ങൽകുത്ത് പദ്ധതിയുടെ നവീകരണവും ആഗോള ടെണ്ടർ പ്രകാരം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ഈ മൂന്നു പദ്ധതികളുടേയും മെഷീനുകളുടെ ഭാവി പ്രവർത്തനശേഷി

LIBRARY ARCHIVES Kerala Legislative Assembly

വിലയിരുത്തുന്നതിനായി ആർ.എൽ.എ. സ്റ്റഡി (Residual Life Assessment) നടത്തുവാൻ നടപടികളെടുത്തിട്ടുണ്ട്.

(ഡി) പള്ളിവാസൽ, പന്നിയാർ, ചെങ്കുളം, പെരിങ്ങൽകുത്ത് എന്നീ പദ്ധതികളുടെ സ്ഥാപിതശേഷി ഉയർത്തുവാൻ തീരുമാനിച്ചിട്ടില്ല. ഈ പദ്ധതികളുടെ നവീകരണമാണ് ഉദ്ദേശിക്കുന്നത്. ശബരിഗിരി പദ്ധതിയുടേയും നേര്യമംഗലം പദ്ധതിയുടേയും സ്ഥാപിതശേഷി വർദ്ധിപ്പിക്കുന്ന കാര്യം പഠനം നടത്തിയശേഷമേ അറിയുവാൻ കഴിയുകയുള്ളൂ.

<u>ശ്രീ. കെ. പ്രകാശ് ബാബു</u> : സർ, പള്ളിവാസൽ, ചെങ്കുളം, പന്നിയാർ എന്നീ പദ്ധതികളുടെ നവീകരണപ്രവർത്തനങ്ങൾ തീരുമാനിച്ചുകഴിഞ്ഞുവെന്നും ഈ പദ്ധതികൾക്ക് കനേഡിയൻ ഗവൺമന്റിന്റെ കീഴിലുള്ള എക്സ്പോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷനിൽനിന്നും വായ്പ ലഭ്യമായിട്ടുണ്ടെന്നും (സി) ചോദ്യത്തിന്റെ ഉത്തരമായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഈ മൂന്നു പദ്ധതികളുടേയും എം.ഒ.യു. ഒപ്പുവച്ചത് എന്നാണ്; ആ ധാരണാപത്രം ഒപ്പുവയ്ക്കുന്നതിനു മുമ്പ് നവീകരണത്തെ സംബന്ധിച്ച ഡീറ്റെൽഡ് സ്റ്റഡി നടത്തിയിരുന്നോ; എത്ര കോടി രൂപയാണ് ഇതിന് ചെലവ് പ്രതീക്ഷിക്കുന്നത്?

<u>ശ്രീ. എസ്. ശർമ്മ</u> : പള്ളിവാസൽ, ചെങ്കുളം, പന്നിയാർ എന്നീ പദ്ധതികളുടെ നവീകരണത്തിനുവേണ്ടി എസ്.എൻ.സി. ലാവ്‌ലിൻ എന്ന കനേഡിയൻ കൺസൾട്ടൻസി സ്ഥാപനവുമായി 10.8.1995-ൽ എം.ഒ.യു. ഒപ്പു വച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് പഠിക്കുന്നതിനുവേണ്ടി ആ ഘട്ടത്തിൽ തന്നെ ഇലക്ട്രിസിറ്റി ബോർഡിൽനിന്നും റിട്ടയർ ചെയ്ത ചീഫ് എഞ്ചിനീയർ ശ്രീ. രാധാകൃഷ്ണപിള്ളയെ നിയോഗിച്ചിരുന്നു. ആവശ്യമായ പഠനം നടത്തി അദ്ദേഹം സമർപ്പിച്ച റിപ്പോർട്ടിന്റെ തുടർച്ചയായിട്ടാണ് ഇത് വന്നിട്ടുള്ളത്.

<u>ശ്രീ. കെ. പ്രകാശ് ബാബു</u> : സർ, ശബരിഗിരി പദ്ധതിയുടെയും, നേര്യമംഗലം പദ്ധതിയുടെയും സ്ഥാപിതശേഷി വർദ്ധിപ്പിക്കുന്ന കാര്യം പഠനം നടത്തിയശേഷമേ അറിയുവാൻ കഴിയുകയുള്ളൂ എന്നാണ് (ഡി) ചോദ്യത്തിന്റെ ഉത്തരമായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുണ്ട്. അതിനുവേണ്ടി എന്തെങ്കിലും പഠനം നടത്തുന്നതിനുവേണ്ടി ഏതെങ്കിലും ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ടോ; അതിന്റെ പഠന റിപ്പോർട്ട് കിട്ടുവാനുള്ള സമയമായോ എന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. എസ്. ശർമ്മ</u> : പഠനം നടത്തി അതിവേഗത്തിൽ അതു സംബന്ധിച്ചുള്ള റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഇലക്ട്രിസിറ്റി ബോർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

<u>ശ്രീ. എൻ. അനിരുദ്ധൻ</u> : സർ, വൈദ്യുത പ്രസരണരംഗത്ത് ഇപ്പോൾ 20 ശതമാനത്തിലേറെ പ്രസരണനഷ്ടം ഉണ്ടായിക്കൊണ്ടിരിക്കുന്നു. ആ പ്രസരണനഷ്ടം ഒഴിവാക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതല്ലേ പുതിയ വൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിനേക്കാൾ ലാഭകരമായിട്ടുള്ളത്?

<u>ശ്രീ. എസ്. ശർമ്മ</u> : സർ, നിലവിലുള്ളതിനെ ഏറ്റവും ഫലപ്രദമായി ഉപയോഗപ്പെടുത്തിയാൽ പ്രസരണ നഷ്ടം ഒഴിവാക്കാൻ സഹായകമാകും. എന്നാലും ജനങ്ങളുടെ ഭാവിയിൽ ഉപയോഗം പരിഗണിക്കപ്പെടുമ്പോൾ പുതിയ പദ്ധതികൾ ആരംഭിക്കേണ്ടതായിട്ടും വരും.

<u>ശ്രീ. എൻ. അനിരുദ്ധൻ</u> : സർ, ജലവൈദ്യുത പദ്ധതികളുടെയും മറ്റ് ജലസേചന പദ്ധതികളുടെയും നടത്തിപ്പിൽ അനാസ്ഥയും, അക്ഷന്തവ്യമായ

LIBRARY ARCHIVES Kerala Legislative Assembly

കാലതാമസവും ഉണ്ടാക്കുന്നതിനായി പല റിപ്പോർട്ടുകളിലും കാണുന്നുണ്ട്. അങ്ങനെ അക്ഷന്തവ്യമായ കാലതാമസം ഉണ്ടാക്കുന്ന ആളുകൾക്കെതിരെ, ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. എസ്. ശർമ്മ : സർ, ഇപ്പോൾ പൂർത്തീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ള ജലവൈദ്യുത പദ്ധതികളെ സംബന്ധിച്ചിടത്തോളം സമയബന്ധിതമായി അവ പൂർത്തീകരിക്കുന്നതിന് സമയം നിശ്ചയിച്ചു കൊടുത്തിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ചോദിച്ചതുപോലെ പല കാരണങ്ങളാലും കാലതാമസം വരുന്നു എന്നുള്ളത് ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം കനത്ത നഷ്ടമാണ്. സമയം നിശ്ചയിച്ച് കൊടുത്തതിനുശേഷവും കാലതാമസം വരുത്തുന്നതിന് മനഃപൂർവ്വമായ നടപടി സ്വീകരിക്കുന്നപക്ഷം, ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നാൽ തീർച്ചയായും കർശനമായിട്ടുള്ള നടപടി സ്വീകരിക്കും.

ശ്രീ. പി. രാജു : സർ, നമ്മുടെ സംസ്ഥാനത്തെ ഏറ്റവും വലിയ ജല വൈദ്യുത പദ്ധതികളിൽ ഒന്നാണ് ഇടുക്കി ജലവൈദ്യുത പദ്ധതി. അത് കമ്മീഷൻ ചെയ്തിട്ട് ഇപ്പോൾ 29 വർഷക്കാലമാകാൻ പോകുകയാണ്. അതിന്റെ സ്ഥാപിതശേഷി എത്രയാണ്; ഇപ്പോൾ അതിന്റെ സ്ഥാപിതശേഷി മുഴുവൻ ഉപയോഗപ്പെടുത്താൻ കഴിയുന്നുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണം; ഗവൺമെന്റ് ഈ കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. എസ്. ശർമ്മ : സർ, ഇതുവരെ അതിന്റെ സ്ഥാപിതശേഷി ഉപയോഗപ്പെടുത്തി വരികയായിരുന്നു. എന്നാൽ ഈ അടുത്ത ദിവസങ്ങളിൽ, കഴിഞ്ഞ ഒന്നു രണ്ടാഴ്ചക്കാലമായി അതിന്റെ ഒന്നു രണ്ടു യൂണിറ്റുകൾ മെയിന്റനൻസിലാണ്. അതിന്റെ ടെക്നിക്കൽ വിംഗ് സ്ഫെറിക്കൽ വാൽവ് തകരാറിലായിരിക്കുന്നു എന്നും അത് അടിയന്തിരമായി മെയിന്റനൻസ് നടത്തിയില്ലെങ്കിൽ പ്രോജക്ടിനെ ഒട്ടാകെ അത് ദോഷകരമായി ബാധിക്കുമെന്നും ബോർഡിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നതിനെത്തുടർന്ന് ബോർഡ് അത് പരിശോധിച്ചു. മാത്രമല്ല കേരളത്തിലെ പ്രധാനപ്പെട്ട എല്ലാ വർത്തമാനപ്പത്രങ്ങളും ഇടുക്കി പ്രോജക്ടിന്റെ സ്ഫെറിക്കൽ വാൽവ് തകരാറിലാണെന്നും അപകടം സംഭവിച്ചുകഴിഞ്ഞാൽ ആയിരക്കണക്കിനാളുകൾക്ക് ജീവൻതന്നെ അപകടത്തിലാകും എന്നുള്ള വാർത്തകളുമെല്ലാം ഞെട്ടിപ്പിക്കുന്ന വിധത്തിൽ പല സന്ദർഭങ്ങളിലായി വരികയുണ്ടായി. ഇപ്പോൾ ലോഡ് കുറഞ്ഞ സമയം ആയതുകൊണ്ട്, ഈ പറഞ്ഞ കാരണങ്ങളാൽ അതിന്റെ മെയിന്റനൻസിനുവേണ്ടി ഉപയോഗിക്കപ്പെട്ടിട്ടുള്ളതുകൊണ്ട് ഈ ജൂൺ 24 വരെ സ്ഥാപിതശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്താൻ കഴിയാതെ വന്നിട്ടുണ്ട്.

ശ്രീ. പി. രാജു : സർ, ഇലക്ട്രിസിറ്റി രംഗത്ത് നാം നേരിടുന്ന പ്രധാന പ്രതിസന്ധി ട്രാൻസ്മിഷൻ ലോസാണ്. ഇത് പരിഹരിക്കുന്നതിനുവേണ്ടി ഇലക്ട്രിസിറ്റി ബോർഡിൽ കൺസ്യൂമേഴ്സ് സാറ്റിസ്ഫാക്ഷൻ എന്നുപറഞ്ഞ് ഒരു പദ്ധതി നടപ്പാക്കിയിരുന്നതായിട്ട് അറിയുന്നു. ഇപ്പോൾ ആ പദ്ധതി നടപ്പിലാക്കുന്നുണ്ടോ? ഇരുപത് ശതമാനമോ ഇരുപത്തിയഞ്ച് ശതമാനമോ പ്രസരണ നഷ്ടം ഉണ്ടെന്നാണ് ഇലക്ട്രിസിറ്റി ബോർഡിന്റെ ഏറ്റവും അവസാനത്തെ കണക്ക് വ്യക്തമാക്കുന്നത്. കൺസ്യൂമേഴ്സ് സാറ്റിസ്ഫാക്ഷൻ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞാൽ ഈ പ്രസരണനഷ്ടം ഒഴിവാക്കപ്പെടാനും പല പ്രദേശത്തും ഇന്ന് നമുക്ക് അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമത്തിന് പരിഹാരം ഉണ്ടാക്കാനും കഴിയും. ഇന്ന് ഇലക്ട്രിസിറ്റി ബോർഡിൽ ഈ സംവി

LIBRARY ARCHIVES Kerala Legislative Assembly

ധാനം തുടരുന്നുണ്ടോ; ഇല്ലെങ്കിൽ ഇതുപോലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്താൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. എസ്. ശർമ്മ : സർ, ബോർഡ് ഈ അടുത്ത കാലത്ത് ട്രാൻസ്മിഷൻ ലോസ് പരമാവധി കുറച്ചുകൊണ്ടുവരുന്നതിനുവേണ്ടിയിട്ടുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. ഇന്ത്യൻ ശരാശരിയിൽ ഏറ്റവും കുറഞ്ഞ ട്രാൻസ്മിഷൻ ലോസ് കേരളത്തിലാണ്, പക്ഷെ ആ കുറവ് ഒരു ന്യായീകരണമായിട്ട് കണക്കാക്കാൻ നമുക്കാവില്ല. അവസാനമായി കണക്കാക്കിയിട്ടുള്ള ട്രാൻസ്മിഷൻ ലോസ് 19 ശതമാനം വരും. ഇത് പരമാവധി കുറച്ചുകൊണ്ടുവരുന്നതിനു വേണ്ടി സിസ്റ്റം ഇംപ്രൂവ് ചെയ്യുന്നതിനായി ഈ കഴിഞ്ഞ വർഷവും, ഈ വർഷവുമായി 150-ഓളം വരുന്ന 110, 66, 33 എന്നീ കെ.വി. സബ് സ്റ്റേഷനുകൾക്ക് ബോർഡ് അംഗീകാരം നൽകിയിട്ടുണ്ട്. അതിന്റെ പ്രയോജനം വരുന്ന വർഷങ്ങളിൽ ലഭ്യമാകാൻ കഴിയത്തക്ക വിധത്തിലുള്ള നടപടികൾ സ്വീകരിക്കുകയാണ്. അതിനുവേണ്ടി മാത്രം, ഈ സാമ്പത്തികവർഷം 600 കോടി രൂപ, ട്രാൻസ്മിഷൻ ലോസ് കുറച്ചുകൊണ്ടുവരുന്നതിനുവേണ്ടി ചെലവഴിക്കാൻ ഉദ്ദേശിച്ചുകൊണ്ട് വായ്പ എടുത്തുകൊണ്ടുള്ള പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്.

ശ്രീ. സി.എൻ. ജയദേവൻ : സർ, ഗ്രാമപഞ്ചായത്തുകളും മറ്റും തയ്യാറാക്കിയ ഈ വർഷത്തെ പ്രോജക്ടുകളിൽ ചെറുകിട വൈദ്യുത ഉൽപ്പാദന പദ്ധതികൾ കൂടി കാണുന്നുണ്ട്. ഞാൻ താമസിക്കുന്ന മണലൂർ ഗ്രാമപഞ്ചായത്തിൽ അത്തരം ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. അത്തരം പദ്ധതികൾക്ക് വൈദ്യുതി വകുപ്പ് സാങ്കേതികമായും സാമ്പത്തികമായും ഉപദേശങ്ങളും സഹായങ്ങളും നൽകുന്നുണ്ടോ; അല്ലെങ്കിൽ ഏതു രൂപത്തിലാണ് ആ പദ്ധതികൾ നടപ്പിലാക്കുന്നതിന് വൈദ്യുതി വകുപ്പ് സഹായിക്കുന്നത്?

ശ്രീ. എസ്. ശർമ്മ : സർ, ചെറുകിട വൈദ്യുത പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിന് സന്നദ്ധമായി വന്നുകഴിഞ്ഞ തദ്ദേശ ഭരണസ്ഥാപനങ്ങൾക്കു സാങ്കേതികമായ സഹായം നൽകുന്നതിന് ബോർഡും, ഗവൺമെന്റും തീരുമാനിച്ചിട്ടുണ്ട്. അതിന് കാലതാമസം വരുന്നു എന്ന നിലയിലുള്ള പരാതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പലരുടേയും ഭാഗത്തുനിന്ന് ഉയർന്നുവന്നതിനെ തുടർന്ന് ഒരു പ്രത്യേക വർക്ക്ഷോപ്പ് നടത്തി അത് എങ്ങനെ പരിഹരിക്കും എന്ന് പരിശോധിച്ചുകൊണ്ട് ആ വർക്ക്ഷോപ്പിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങളും കൂടി പരിഗണിച്ചുകൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തു നടത്താൻ സന്നദ്ധമായി വരുന്ന ചെറുകിട പദ്ധതികളെ സംബന്ധിച്ചിടത്തോളം കാലതാമസം ഒഴിവാക്കുന്നതിനുവേണ്ടി ഒരു സിംഗിൾ വിന്റോ സിസ്റ്റത്തിന് രൂപം കൊടുത്തുവരുകയാണ്.

ശ്രീ. സി.എൻ. ജയദേവൻ : സർ, മാടക്കത്തറ 400 കെ.വി. സബ്സ്റ്റേഷൻ എന്റെ നിയോജകമണ്ഡലത്തിലാണ്. ആ പ്രദേശത്തു താമസിക്കുന്ന ആളുകൾ ഈ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുവേണ്ടി ഒരുപാട് ഭൂമി നൽകിയിട്ടുണ്ട്. വനപ്രദേശങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ആ പ്രദേശത്തെ ഗ്രാമീണർക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് എന്തെങ്കിലും പ്രയോറിറ്റി നൽകാൻ വൈദ്യുതി വകുപ്പ് തയ്യാറാകുമോ?

ശ്രീ. എസ്. ശർമ്മ : സർ, വൈദ്യുതി ബോർഡിന്റെ ആവശ്യത്തിനുവേണ്ടി സ്ഥലമോ, വീടോ ഒഴിഞ്ഞുതരുന്നവർക്ക് മുൻഗണനാക്രമത്തിൽ കണക്ഷൻ നൽകുന്നകാര്യം പരിഗണിച്ചുകൊണ്ടുള്ള നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, പള്ളിവാസൽ, ചെങ്കുളം, പന്നിയാർ എന്നീ പദ്ധതികൾ നവീകരിക്കാൻ വേണ്ടിയുള്ള ഏർപ്പാടുകൾ ചെയ്ത് കനേഡിയൻ കമ്പനിക്ക് അതിന്റെ കോൺട്രാക്ട് കൊടുത്തു എന്നു പറഞ്ഞു. ബാലാനന്ദൻ കമ്മിഷൻ പുതിയ മെഷിനറി സ്ഥാപിക്കേണ്ടതില്ല എന്നും ഉള്ള മെഷീൻ റിപ്പയർ ചെയ്താൽ മതിയെന്നും പറഞ്ഞതാണല്ലോ. അതിനു പുറമേ ഈ പറയുന്ന കനേഡിയൻ കമ്പനിക്ക് കോൺട്രാക്ട് നൽകിയത് ഗ്ലോബൽ ടെണ്ടർ വിളിച്ചുകൊണ്ടാണോ എന്നുള്ള കാര്യംകൂടി വ്യക്തമാക്കുമോ? അതായത് ബാലാനന്ദൻ കമ്മിഷൻ പറഞ്ഞതിനു കടകവിരുദ്ധമായി ഇത് ചെയ്യാൻ എന്താ കാരണം, ഇത് ഗ്ലോബൽ ടെണ്ടർ വിളിച്ചുകൊണ്ടാണോ കൊടുത്തത് എന്ന് വ്യക്തമാക്കാമോ?

ശ്രീ. എസ്. ശർമ്മ : സർ, പള്ളിവാസൽ, ചെങ്കുളം, പന്നിയാർ എന്നീ പദ്ധതികളുടെ നവീകരണത്തിനു വേണ്ടിയുള്ള എം.ഒ.യു ഒപ്പുവയ്ക്കുന്നത് 10.8.1995-ലാണ്. ഇതിന്റെ കാര്യങ്ങളെ സംബന്ധിച്ച് പഠിക്കുന്നതിനുവേണ്ടി 1995-ൽ തന്നെ ഇലക്ട്രിസിറ്റി ബോർഡിൽനിന്ന് റിട്ടയർ ചെയ്ത ചീഫ് എഞ്ചിനീയർ ശ്രീ. രാധാകൃഷ്ണപിള്ളയെ ചുമതലപ്പെടുത്തുകയുണ്ടായി. അദ്ദേഹം പഠിച്ച ബോർഡിന് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് 10.8.1995-ൽ എഗ്രിമെന്റ് വച്ചത്. അതിനുശേഷം ഈ ഗവൺമെന്റ് വന്നു, ഈ ഗവൺമെന്റ് വന്നതിനുശേഷം ശ്രീ. രാധാകൃഷ്ണപിള്ള സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നതായ, 243 കോടിയോളം രൂപ ചെലവ് ചെയ്ത് നവീകരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുള്ളതായ ഇതിന്റെ റേറ്റും മറ്റു കാര്യങ്ങളുമെല്ലാം പരിശോധിച്ച് നാഷണൽ ഹൈഡ്രോ പവർ കോർപ്പറേഷനോട് സ്റ്റഡി റിപ്പോർട്ട് തരാൻ പറഞ്ഞു. അതായത് ഇന്ത്യാ ഗവൺമെന്റിന്റെ പബ്ലിക് അണ്ടർ ടേക്കിംഗ് സ്ഥാപനം. നാഷണൽ ഹൈഡ്രോ പവർ കോർപ്പറേഷൻ സ്റ്റഡി നടത്തിയതിനുശേഷം ഇൻർനാഷണൽ റേറ്റ് അനുസരിച്ച് ഇത് സ്വീകാര്യമാണ് എന്ന നിലയിൽ ഇന്ത്യാ ഗവൺമെന്റിന്റെ എൻ.എച്ച്.പി.സി.യുടെ കൂടി റിപ്പോർട്ടു വാങ്ങിയതിനുശേഷമാണ് ഈ നടപടിയുമായിട്ട് മുന്നോട്ട് നീങ്ങുന്നത്.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, കല്ലാർക്കുറ്റി ഡാമിന്റെ ജലസംഭരണശേഷി ക്രമാതീതമായി കുറഞ്ഞുവരുന്നതുകൊണ്ട് വളരെയേറെ ജലം പാഴായി പോകുകയാണ്. അവിടെ ഒരു പുതിയ ഡാം നിർമ്മിച്ച് പാഴായിപ്പോകുന്ന വെള്ളം പൂർണ്ണമായി ഉപയോഗപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എസ്. ശർമ്മ : സർ, പാഴായിപ്പോകുന്ന വെള്ളം പാഴായി പോകാതിരിക്കുക എന്നുള്ളതാണ് അംഗത്തിന്റെ ചോദ്യത്തിന്റെ ലക്ഷ്യം. അത് ആ പൂർണ്ണ സ്പിരിറ്റിൽ എടുക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രശ്നത്തിന്റെ സാങ്കേതിക വശങ്ങളെക്കുറിച്ചും മറ്റും പരിശോധിക്കാൻ ഇലക്ട്രിസിറ്റി ബോർഡിന് നിർദ്ദേശം കൊടുക്കാം.

(ചോദ്യോത്തര സമയം കഴിഞ്ഞു.)